## പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1818 | 21/01/2014-ൽ മറുപടിക്ക് |
|---|---|

### ആശ്രയ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ആശ്രയ പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ഗുണഭോക്താക്കൾക്ക് ലഭ്യ മാക്കുന്നതെന്ന് അറി യിക്കാമോ; | (എ) | കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വ വൽക്കരിക്കപ്പെട്ടവരും, യാതൊരുവിധ കണ ക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് ക ണ്ടെത്തി പുനരധിവസിപ്പി ക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme). ഈ പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ചെയ്യുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശ ഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യ പരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുട ങ്ങിയവ പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു. |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങ ളാണ് ഉള്ളതെന്ന് വിശദമാ ക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പ്, കുടുംബശ്രീ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവ കൂടാതെ പൊതുജനങ്ങളുടെ സഹകരണത്തോടെയുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി നടപ്പിലാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടോയെന്നും എങ്കിൽ ഏതെല്ലാമാണെന്നും അറിയിക്കാമോ; | (സി) | ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ, കടയ്ക്കാവൂർ, മലപ്പുറം ജില്ലയിലെ കാലടി, കുഴിമണ്ണ, ഒഴൂർ, മഞ്ചേരി നഗരസഭ, ഇടുക്കി ജില്ലയിലെ വട്ടവട, ഇടമലക്കുടി എന്നീ തദ്ദേശഭരണസ്ഥാപനങ്ങളിൽ ആശ്രയ പദ്ധതി നടപ്പാക്കിയിട്ടില്ല. |
| (ഡി) | എങ്കിൽ പ്രസ്തുത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ; | (ഡി) | ആശ്രയ പദ്ധതിഏറ്റെടുത്ത് നടപ്പിലാക്കാത്ത പഞ്ചായത്തുകളിൽ എത്രയും പെട്ടെന്ന് പദ്ധതി നടപ്പിലാക്കുന്നതിനായി, തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ജില്ലാതല റിവ്യൂ മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പടെയുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി ഉടൻ നടപ്പിലാക്കുന്നതിനും പഞ്ചായത്തുകളിൽ പ്രോജക്ട് രൂപീകരണത്തിനുമായി 2 റിസോഴ്സ് പേഴ്സൺമാരുടെ സേവനവും ലഭ്യമാക്കുന്നുണ്ട്. |
| (ഇ) | ആശ്രയ പദ്ധതി നടപ്പിലാക്കുന്നതിന് കാസർഗോഡ് ജില്ലയിൽ എത്ര ഓഫീസർമാരാണ് ഉള്ളതെന്ന് അറിയിക്കാമോ? | (ഇ) | ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന അസി.സെക്രട്ടറി യായിരിക്കും ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ